**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4976      06.02.2014-ൽ മറുപടിയ്ക്ക്

## ക്യാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിവന്ന കുറിപ്പുകൾ

| ചോദ്യം<br>ശ്രീ. കെ.കെ. നാരായണൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ക്യാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിവന്ന കുറിപ്പുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; 'ഔട്ട് ഓഫ് അജണ്ട'യിൽ പരിഗണനയ്ക്കു വന്ന കുറിപ്പുകൾ എത്ര; വ്യക്തമാക്കാമോ; | (എ) | അജണ്ടയിൽ ഉൾപ്പെടുത്തി വന്ന കുറിപ്പുകൾ - (29/01/2014 വരെ) - 3707<br><br>'ഔട്ട് ഓഫ് അജണ്ട'യിൽ പരിഗണനയ്ക്കു വന്ന കുറിപ്പുകൾ - (29/01/2014 വരെ) - 1154 |
| (ബി) | ഇവയിൽ ഓരോ ഇനത്തിലും എത്ര കുറിപ്പുകൾ വീതം തീരുമാനം എടുക്കാതെ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; തീരുമാനം കൈക്കൊണ്ട ഇനങ്ങൾ എത്രയാണ്; | (ബി) | മാറ്റിവെച്ചത് (29/01/2014 വരെ) - 24<br><br>തീരുമാനം കൈക്കൊണ്ട ഇനങ്ങൾ (29/01/2014 വരെ) - 4837 |
| (സി) | ക്യാബിനറ്റ് തീരുമാനം എടുത്ത എത്ര കേസ്സുകളിൽ, അത് പിന്നീട് ക്യാൻസൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്; | (സി)<br>&(ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ക്യാബിനറ്റ് തീരുമാനം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | മന്ത്രിസഭാംഗങ്ങളിൽ ഓരോരുത്തരും 'ഔട്ട് ഓഫ് അജണ്ട'യായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ എത്ര വീതമാണ്; വിശദമാക്കാമോ? | (ഇ) | വിവിധ വിഷയങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അനുവാദത്തോടെയാണ് മന്ത്രിസഭാംഗങ്ങൾ അജണ്ടയ്ക്ക് പുറത്തുള്ള വിഷയങ്ങൾ മന്ത്രിസഭ മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. മന്ത്രിസഭ പരിഗണനയ്ക്ക് എടുക്കുന്ന വിഷയങ്ങളിലാണ് തീരുമാനമെടുക്കുന്നത്. അവ മാത്രമേ മിനിട്ട്സിൽ ഉൾപ്പെടുത്തുകയുള്ളൂ. അതിനാൽ മന്ത്രിസഭാംഗങ്ങൾ ഓരോരുത്തരും "ഔട്ട് ഓഫ് അജണ്ട"യായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.